# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2930** **18.08.2017-ൽ മറുപടിയ്ക്ക്**

**ഉപയോഗശൂന്യമായ മത്സ്യം വിൽപ്പന നടത്തുന്നവർക്കെതിരെ നടപടി**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| കാലപ്പഴക്കം ചെന്നതും രാസവസ്തുക്കൾ ഉപയോഗിച്ചതുമായ ഉപയോഗശൂന്യമായ മത്സ്യം വിൽപ്പന നടത്തുന്നവർക്കെതിരെ ഫിഷറീസ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | മത്സ്യങ്ങൾ കേടുകൂടാതെയിരിക്കാനായി മാരകമായ രാസപദാർത്ഥങ്ങൾ ചേർത്ത് വിപണനം നടത്തുന്ന പ്രവൃത്തികൾ തടയുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പും ഫുഡ് സേഫ്റ്റി വിഭാഗവും സംയുക്തമായി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിക്കുകയും ഫിഷറീസ് വകുപ്പിലെയും ഭക്ഷ്യസുരക്ഷാ വിഭാഗത്തിലെയും ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയിൽ കുറ്റക്കാരെന്ന് കണ്ടാൽ ഫുഡ് സേഫ്റ്റി ആക്ട് 2006 പ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണ്. മത്സ്യങ്ങളിൽ ഇത്തരത്തിലുള്ള രാസവസ്തുക്കളുടെ പ്രയോഗം തിരിച്ചറിയുന്നതിനായി സ്പോട്ട് ടെസ്റ്റ് നടത്തുന്നതിനായി CIFT വികസിപ്പിച്ചെടുക്കുന്ന പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ വാണിജ്യാടിസ്ഥാനത്തിൽ പ്രചരിപ്പിക്കുന്നതിനുള്ള നടപടി ഫിഷറീസ് വകുപ്പ് കൈക്കൊള്ളുന്നതാണ്. ശുചിത്വമുള്ള മത്സ്യം ലഭിക്കുന്നതിനും ഇത്തരത്തിലുള്ള അനാരോഗ്യകരമായ പ്രവൃത്തികൾ തടയുന്നതിന്റെയും ഭാഗമായി കേരള ഫിഷ് ഓക്ഷനിംഗ് മാർക്കറ്റിംഗ് & ക്വാളിറ്റി മാനേജ്മെന്റ് കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. അത് സഭയിൽ അവതരിപ്പിച്ച് നിയമമാക്കുന്നതാണ്. |

സെക്ഷൻ ആഫീസർ